പ്രസിദ്ധീകരണത്തിന്

# കുട്ടികളുടെ സർഗ്ഗവാസനകളെ തിരിച്ചറിയാൻ ബൺ ബെല്ലി

**തിരുവനന്തപുരം**: നിങ്ങളുടെ കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാൻ അവസരം തേടി നടക്കുകയാണോ? എങ്കിൽ ഇതാ ബൺ ബെല്ലി. റൂട്ട്സ് ആന്റ് ലീവ്സ് പ്രിന്റ് ആന്റ് മീഡിയ പ്രൈവറ്റ് ലിമിറ്റഡിന്റെ ബൺ ബെല്ലി എന്ന ഈ സംരംഭം കുട്ടികളെപ്പറ്റിയുള്ള നിങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്നു.
കുട്ടികളിൽ ഒളിഞ്ഞ് കിടക്കുന്ന സർഗ്ഗവാസനകളെ തിരിച്ചറിയാനും അവ അവതരിപ്പിക്കാനും ബൺ ബെല്ലി വേദിയൊരുക്കുന്നു. കുഞ്ഞുമനസ്സ് നേരിടുന്ന ആശങ്കകളെ പരിഹരിച്ച് അവരുടെ പ്രിയപ്പെട്ട വഴികൾ ജീവിതത്തിൽ തിരഞ്ഞെടുക്കാൻ തുണയാവുകയാണ് ബൺ ബെല്ലി.
കുട്ടികൾക്ക് കളിക്കാനും പഠിക്കാനും ഇഷ്ടാനിഷ്ടങ്ങൾ സ്വയം തിരിച്ചറിയാനുമൊക്കെ സാധ്യമാകുന്നു. തന്റെ കഴിവുകളെ തിരിച്ചറിഞ്ഞ് അത് ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാനുള്ള ആത്മവിശ്വാസവും ബൺ ബെല്ലിയിലൂടെ കുട്ടികൾ നേടിയെടുക്കുമെന്നതിൽ സംശയമില്ല.
"ഇതിന്റെ ഭാഗമാകുന്നതോടെ വളരെ ചെറിയ പ്രായം മുതൽ കേളെജ് തലം വരെയെത്തുന്ന വിദ്യാർത്ഥികൾക്ക് തങ്ങളുടെ സർഗ്ഗ വാസനകളെ പരിപോഷിപ്പിക്കാനും കഴിവ് തെളിയിക്കാനും അവസരം ലഭിക്കുന്നു," ബൺ ബെല്ലി യുടെ ഡയറക്ടർമാരിൽ ഒരാളായ ശ്രീ. ദസ്തക്കീർ കെ. പറഞ്ഞു.

''ബൺ ബെല്ലി വില്ലേജ് എന്ന ആശയത്തിലൂടെ കുട്ടികൾക്ക് പാട്ടു പാടാനും നൃത്തം ചെയ്യാനും പഠിക്കാനും കഥകൾ പറയാനും അതിലുപരി എന്ത് തന്നെ കഴിവുകൾ ഉണ്ടങ്കിലും അത് ലോകത്തോട് പറയുക എന്നതാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. സമൂഹത്തിലെ വ്യത്യസ്ത തട്ടിലുള്ള പ്രഗല്ഭർ നയിക്കുന്ന ക്ലാസ്സുകളും കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്. ജീവിതത്തിൽ ഉയരങ്ങൾ കീഴടക്കാൻ ഈ ക്ലാസ്സുകൾ കൊ ണ്ട് കുട്ടികൾക്ക് സാധ്യമാകും,'' ശ്രീ. ദസ്തക്കീർ കെ. കൂട്ടിച്ചേർത്തു.

അസാമാന്യ കഴിവുകൾ പ്രകടമാക്കുന്ന കുട്ടികൾ മാത്രമല്ല അവരുടെ മാതാപിതാക്കൾക്കും ബൺ ബെല്ലിയുടെ ഭാഗമാകാം. തങ്ങളുടെ കുട്ടികളുടെ താല്പ്പര്യങ്ങളും കഴിവും മാതാപിതാക്കൾക്ക് അടുത്ത് നിന്ന് കാണാനും വേ പ്രോത്സാഹനം നൽകാനും സാധിക്കും.

ഒരു വർഷത്തേക്ക് ഒറ്റത്തവണയായി 750 രൂപ നൽകി അഡ്മിഷൻ എടുക്കുന്നതോടെ ബൺ ബെല്ലി ഒരുക്കുന്ന എല്ലാ കുട്ടികൾക്ക് ലഭ്യമാകും.  പ്രഫസർമാർ, പോലീസ് ഉദ്യോഗസ്ഥർ, മനശാസ്ത്രജ്ഞർ, കലാകാരൻമാർ തുടങ്ങി വിവിധ മേഖലകളിലെ പ്രഗല്ഭരുടെ ക്ലാസുകൾ കുട്ടികൾക്കായി ലഭ്യമാക്കുന്നുണ്ട്.

കുട്ടികളിലെ സർഗ്ഗ വാസനകൾ പ്രകടിപ്പിക്കാൻ വിശാലമായ അവസരങ്ങളാണ് ബൺ ബെല്ലി ഒരുക്കുന്നത്. ടെലിവിഷൻ സോഫ്റ്റ്വെയർ, ആഡിയോ വിഷൽ പ്രോഗ്രാം എന്നിവയും ഈ സംരംഭത്തിന്റെ ഭാഗമാകുന്നുണ്ട്.

തിരുവനന്തപുരത്ത് പി എം ജിയിലും തിരുമലയിലും സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം കുട്ടികൾക്കുള്ളിലെ താരങ്ങളെ തിരിച്ചറിയാനുള്ള വേദി കൂടിയാണ്. കേരളത്തിലെ മറ്റ് നഗരങ്ങളിലേക്കും വൈകാതെ തന്നെ വ്യാപിക്കാനാണ് ബൺ ബെല്ലിയുടെ തീരുമാനം.

**ബൺ ബെല്ലിയെക്കുറിച്ച്**
തിരുവനന്തപുരം ആസ്ഥാനമായ റൂട്ട്സ് ആന്റ് ലീവ്സ് പ്രിന്റ് ആന്റ് മീഡിയ പ്രൈവറ്റ് ലിമിറ്റഡിന്റെ ഒരു സംരംഭമാണ് ബൺ ബെല്ലി. കുട്ടികളിലെ സർഗ്ഗവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത് സ്ഥാപിതമായിരിക്കുന്നത്. വളർന്നു വരുന്ന തലമുറയ്ക്ക് പ്രയോജനമാകും വിധം സ്ഥാപിതമായിട്ടുള്ള ബൺ ബെല്ലിയെപ്പറ്റി കൂടുതൽ അറിയാൻ http://bunbelly.com എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

**For more information:**
Mr Dasthakeer. K
Director, BunBelly
9995049832